തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി
## അറുപത്തിയൊന്നാമത് യോഗതീരുമാനങ്ങൾ
### 2023 മേയ് 19 വെള്ളിയാഴ്ച, ഉച്ചയ്ക്ക് 2.30 ന്

**പങ്കെടുത്തവർ:**

1. ഡോ. സാബു തോമസ് (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി ടി. നിതാകുമാരി (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി റെറ്റി പി തോമസ് (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
5. ഡോ. ജെ. പ്രസാദ്
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. കെ.ജി. പൗലോസ്
8. ഡോ. കെ.വി. ശശി
9. ശ്രീ ആശിഷ് സുകു

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹകസമിതിയുടെ 61–ാമത് യോഗം ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്നു. സമിതി അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ബഹു. വൈസ് ചാൻസലർ യോഗം ആരംഭിച്ചു. എല്ലാ അംഗങ്ങളേയും നിർവാഹകസമിതിയോഗത്തിലേക്ക് ഹാർദമായി സ്വാഗതം ചെയ്തു.

**തീരുമാനങ്ങൾ**

ഇനം നമ്പർ: **2023.49**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

സിനിമാനടൻ മാമുക്കോയ, ആതുരശുശ്രൂഷക്കിടയിൽ ആക്രമിയാൽ ദാരുണാന്ത്യം സംഭവിച്ച ഡോ. വന്ദനാദാസ്, വിനോദസഞ്ചാരവേളയിൽ താനൂരിലെ പൂരപ്പുഴയിൽ ഉണ്ടായ ബോട്ടപകടത്തിൽ ജീവൻ നഷ്ടപ്പെട്ട 22 പേർ എന്നിവരുടെ മുമ്പിൽ സഭ ആദരാഞ്ജലിയർപ്പിച്ചു.

വികസനപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീജ വി. ക്ക് 2021–22 ൽ കെ.എൻ. രാജ് ഫെലോഷിപ്പ് ലഭിച്ചു.

സാഹിത്യപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. രോഷ്നിസ്വപ്നക്ക് 2021–23 ലെ സാഹിത്യത്തിനുള്ള മാമാങ്കം പുരസ്കാരം ലഭിച്ചു.

സാഹിത്യരചന സ്കൂൾ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അശോക് ഡിക്രൂസിന് 2021 ൽ മലയാളഭാഷാ പുരസ്കാരം, 2022 ൽ അഹല്യ സാഹിത്യ പുര

സ്കാരം കേരള ബാലസാഹിത്യ അക്കാദമി അവാർഡ്, 2023 ൽ ഗോൾഡൻ ബുക്ക് അവാർഡ് എന്നിവ ലഭിച്ചു. ശ്രീജ വി, ഡോ. രോഷ്നിസ്വപ്ന, ഡോ. അശോക് ഡിക്രൂസ് എന്നിവരെ സഭ അഭിനന്ദിച്ചു.

ഇനം നമ്പർ: **2023.50**

വിഷയം: **നിർവാഹകസമിതിയുടെ അറുപതാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 60-ാമത് യോഗത്തിന്റെ തീരുമാനങ്ങൾ താഴെപറയുന്ന ഭേദഗതികളോടെ സ്ഥിരീകരിച്ചു.

(എ) സാമ്പത്തികമായ വിഷയങ്ങളിൽ വിദഗ്ദ്ധാഭിപ്രായങ്ങളും ഉപദേശങ്ങളും സമാഹരിക്കുന്നതിനും ധനവിനിയോഗ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ച നിർവാഹകസമിതിയുടെ 3 അംഗ ഉപസമിതി (സബ്കമ്മിറ്റി)യുടെ കൺവീനർ ഡോ. ജെ. പ്രസാദ് ആയിരിക്കും.

(ഭരണവിഭാഗം 'ബി' സെക്ഷൻ)

(ബി) 2023.40 – 2019 ആഗസ്റ്റിൽ പ്രവേശനം നേടിയ ഗവേഷകവിദ്യാർത്ഥികളുടെ ഗവേഷണ ഫെലോഷിപ്പ് കുടിശ്ശിക ലഭ്യമാക്കുന്നതിലേക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരെ നേരിൽകണ്ട് വിഷയത്തിൽ സാധ്യമായ തീരുമാനം എടുപ്പിക്കുന്നതിന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ നിർവാഹകസമിതി അംഗമായ ഡോ. ജെ. പ്രസാദും ചേർന്ന് രൂപീകൃതമായ ദൗത്യസംഘത്തിൽ നിർവാഹകസമിതി അംഗമായ ശ്രീ ആശിഷ് സുകുവിനേയും ഉൾപ്പെടുത്തി പ്രസ്തുത ദൗത്യസംഘം പുനഃസംഘടിപ്പിച്ചു.

(സി) മറ്റു സർവകലാശാലയിൽ നിന്നും വിരമിച്ച പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ താത്കാലികാടിസ്ഥാനത്തിൽ നിയോഗിച്ചുകൊണ്ട് ഭരണപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച സമിതിയിൽ നിന്നു വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിയെ ഒഴിവാക്കി.

(ഭരണവിഭാഗം 'ബി' സെക്ഷൻ)

(ഡി) 2023.48 – 2013 മുതൽ 2020 വരെയും തുടർന്നു 2022 വരെയുമുള്ള സി.എ.ജി./ലോക്കൽഫണ്ട് ഓഡിറ്റ് ഏജൻസികൾ ഉന്നയിച്ചിട്ടുള്ള തടസവാദങ്ങൾക്കു യുക്തമായ മറുപടി നൽകാതെ മുടങ്ങിക്കിടക്കുന്ന വിഷയങ്ങൾ പരിഗണിച്ചു നിർവാഹകസമിതി താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

(i) നിർവാഹകസമിതി തീരുമാനം നടപ്പിലാക്കി ഉത്തരവിറക്കി ബാധ്യത അവസാനിപ്പിക്കാതെ തത്സംബന്ധമായ തുടർനടപടികൾ കൈക്കൊള്ളണം.

(ii) എല്ലാ തടസ്സവാദങ്ങൾക്കും ഫിനാൻസ് ഓഫീസർ കൃത്യമായ മറുപടി തയ്യാറാക്കി ബന്ധപ്പെട്ട ഓഡിറ്റ് ഏജൻസികൾക്കു ഉടൻ നൽകണം.

(iii) 2013 മുതൽ 2020 വരെയുള്ള ഓഡിറ്റ് തടസ്സവാദങ്ങൾക്ക് തീർപ്പു കൽപ്പിക്കുന്നതിനായി അദാലത്തു നടത്തി തടസ്സവാദങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച തുടർനടപടി നിലവിലെ നിർവാഹകസമിതിയുടെ ഉപസമിതി മുമ്പാകെ അവതരിപ്പിച്ച് അദാലത്ത് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്ത് ഓഡിറ്റ് തടസ്സവാദങ്ങൾക്ക് യുക്തമായ മറുപടി നൽകണം.

(ഫിനാൻസ് വിഭാഗം)

(ഇ) **2023.41** അനധ്യാപക ജീവനക്കാരുടെ മാസം പ്രതിയുള്ള സഞ്ചിത വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിർവാഹകസമിതിയുടെ 2023.34 തീരുമാനപ്രകാരം രൂപീകരിച്ച ഉപസമിതി പഠിച്ച് തത്സംബന്ധമായ റിപ്പോർട്ട് സമർപ്പിക്കുക. മൂന്ന് പേർക്ക് സഞ്ചിതവേതനം വർദ്ധിപ്പിച്ചു നൽകിയ നടപടിയും ഈ സമിതി പരിശോധിക്കണം.

(ഭരണവിഭാഗം – 'ബി' സെക്ഷൻ)

(എഫ്) 2023.39 – ഫിനാൻസ് ഓഫീസർ തന്നെ ഫോൺ ചെയ്ത് അനൗദ്യോഗികമായി ആരാഞ്ഞ വിഷയം അദ്ദേഹത്തിന്റെ അഭിപ്രായം എന്ന് പരാമർശിച്ചുകൊണ്ട് തന്റെ പേര് വലിച്ചിഴച്ചുകൊണ്ടു ഫയലിൽ എഴുതിയ കുറിപ്പ് തീർത്തും അച്ചടക്കലംഘനവും ഔദ്യോഗിക കൃത്യനിർവഹണത്തിലെ വീഴ്ചയും, ടി നടപടി, അനൗചിത്യപരവുമാണെന്നതും നിർവാഹകസമിതി അംഗമായ ഡോ. ജെ. പ്രസാദ് സഭയിൽ ഉന്നയിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് ബഹു. വൈസ് ചാൻസലർ നേരിട്ട് നടത്തിയ അന്വേഷണത്തിൽ ഫിനാൻസ് ഓഫീസറെ താക്കീത് ചെയ്യുകയും മേലിൽ ഇത്തരം പ്രവൃത്തി ആവർത്തിക്കരുതെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

(ഭരണവിഭാഗം 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.51**

വിഷയം: **നിർവാഹകസമിതിയുടെ 60–ാമത് യോഗതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: നിർവാഹകസമിതിയുടെ 60–ാമത് യോഗതീരുമാനങ്ങളുടെ തുടർനടപടികൾ സഭ അംഗീകരിച്ചു.

ഇനം നമ്പർ: **2023.52**

വിഷയം: **മലയാളസർവകലാശാല ജി.പി.എ.ഐ.എസ്. പദ്ധതി പുതുക്കി 'ജീവൻ രക്ഷാ പദ്ധതി'യെന്ന് സർക്കാർ നാമകരണം ചെയ്യുകയും അതിലേക്ക് അധിക പ്രീമിയം തുക അടവാക്കുന്നതും സംബന്ധിച്ച് കൈക്കൊണ്ട നടപടി**

തീരുമാനം: സാധൂകരിച്ചു.

(3045/എ1/2021/GPAIS/അക്കൗണ്ട്സ് – ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.53**

വിഷയം: **സർവകലാശാലയിലെ അക്കാദമിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് 23.03.2023 ന് വിളിച്ചുചേർത്ത സ്കൂൾ ഡയറക്ടർമാരുടെ യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച്**

തീരുമാനം: 23.03.2023 ന് വിളിച്ചുചേർത്ത സ്കൂൾ ഡയറക്ടർമാരുടെ യോഗതീരുമാനങ്ങൾ ചർച്ചക്കു വിഷയീഭവിച്ചു. താഴെപറയുന്ന ചില കൂട്ടിചേർക്കലുകൾ സഭ പരിഗണിച്ചു.

(1) കരിക്കുലം റീസ്ട്രക്ച്ചറിങ്ങിനായി ഡോ. കെ.എം. അനിലിനെ കൂടാതെ ഡോ. അശോക് ഡിക്രൂസ്, ഡോ. കെ.എസ്. ഹക്കിം എന്നിവരെയും ഉൾപ്പെടുത്തൽ

(2) അംഗീകരിച്ചു.

(3) സർവകലാശാല ഡിജിറ്റൈസേഷൻ പൂർണതയിലേക്കെത്തിക്കുന്നതിന് പരിഹാരമാർഗങ്ങൾ ചർച്ച ചെയ്യേണ്ടതിനാൽ കാലിക്കറ്റ് സർവകലാശാല കമ്പ്യൂട്ടർ സയൻസ് വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. വി.എൽ. ലജീഷിനെ സാങ്കേതിക വിദഗ്ധനായി നിയോഗിക്കുന്നത് പരിഗണിച്ചു.

(4) അംഗീകരിച്ചു.

(5) അംഗീകരിച്ചു.

(6) യു.ജി.സി. മാർഗനിർദേശാനുസരണം റിസർച്ച് ഡെവലപ്മെന്റ് സെൽ രൂപീകരിക്കുന്നത് പരിഗണിച്ചു.

(7) എഴുത്തച്ഛൻ പഠനസ്കൂൾ ഡയറക്ടറായ ഡോ. കെ.എം. അനിലിനെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ ജേണലുകളുടെ അച്ചടി, പ്രസിദ്ധീകരണം എന്നിവ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രസിദ്ധീകരണവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുമായി നിയോഗിക്കുന്നത് പരിഗണിച്ചു.

(8) അംഗീകരിച്ചു.

സ്കൂൾ ഡയറക്ടർമാരുടെ മേൽപ്രകാരമുള്ള തീരുമാനങ്ങൾ നിർവാഹക സമിതി അംഗീകരിച്ചു.

(1471/2020/അഡ്മിൻ/അറിയിപ്പ് - ഭരണവിഭാഗം)

ഇനം നമ്പർ: **2023.54**

വിഷയം: **എഴുത്തച്ഛൻ പഠനസ്കൂളിൽ ആരംഭിച്ച എം.എ. താരതമ്യസാഹിത്യം - വിവർത്തനപഠനം പ്രോഗ്രാമിന്റെ ഭാഗമായി ജർമൻഭാഷ പഠിപ്പിക്കുന്നതിന് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നത് സംബന്ധിച്ച്**

തീരുമാനം: ലാഭനഷ്ടം കൂടാതെ കോഴ്സുകൾ നടത്തുന്നതിന് അംഗീകാരം നൽകി.

(650/എ1/2023/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.55**

വിഷയം: **സാഹിത്യപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മുഹമ്മദ് റാഫി എൻ.വി.യെ സാഹിത്യപഠനം പഠനബോർഡ് അംഗമായി നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: നിരസിച്ചു.

(2231/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.56**

വിഷയം: **2022-23 വർഷത്തെ വാർഷികറിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2022-23 വർഷത്തെ സർവകലാശാല വാർഷിക റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ച് സമ്പൂർണമായ റിപ്പോർട്ട് തയ്യാറാക്കി നിർവാഹകസമിതിയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(191/2019/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.57**

വിഷയം: **സർവകലാശാല ആൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിട ഉടമ ശ്രീ അഷ്റഫ് പൂളക്കൽ 5% വാടക വർദ്ധനവോടുകൂടി വാടകക്കരാർ പുതുക്കി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: അംഗീകരിച്ചു. കരാർ പ്രകാരമുള്ള നിബന്ധനപ്രകാരം കെട്ടിടവാടക വർദ്ധിപ്പിക്കുന്നതിനോടൊപ്പം വൈദ്യുതി വിതരണം, വയറിങ്ങിലെ തകരാറുകൾ, കെട്ടിടത്തിന്റെ വിള്ളൽ, ചോർച്ച, മറ്റു കേടുപാടുകൾ നീക്കൽ, അറ്റകുറ്റപ്പണികൾ, വാർഡൻ, വിദ്യാർത്ഥികൾ മുഖേന ആവശ്യപ്പെടുന്ന ന്യായമായ സൗകര്യങ്ങളും കെട്ടിട ഉടമയോട് ആവശ്യപ്പെട്ടു നടപടി എടുക്കുവാൻ ശ്രദ്ധിക്കണം.

(1926/2018/അഡ്മിൻ - ഭരണവിഭാഗം 'ബി' )

ഇനം നമ്പർ: **2023.58**

വിഷയം: **2020-22 അദ്ധ്യയനവർഷത്തിലെ ബിരുദാനന്തരബിരുദം, 2019 ബാച്ചിലെ എംഫിൽ ബിരുദം, 2021 ബാച്ചിൽ താരതമ്യസാഹിത്യം വിവർത്തനപഠനം കോഴ്സിൽ നിന്നും എംഫിൽ ബിരുദപഠനം എന്നിവ പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്.**

തീരുമാനം: അംഗീകരിച്ചു.

ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ ഫോർമാറ്റ് അന്തിമമാക്കുക, സുരക്ഷ കണക്കിലെടുത്ത് ക്യു.ആർ. കോഡിങ് ഉള്ള ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുക. ഈ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഇൻഡിസൈൻ സോഫ്റ്റ് വെയർ സപ്പോർട്ട് ചെയ്യുന്ന വിധം കോൺഫിഗറേഷൻ ഉള്ള കമ്പ്യൂട്ടർ വാങ്ങി പിഎ

ച്ച്.ഡി. വിദ്യാർത്ഥികളുടെ കാലങ്ങളായി മുടങ്ങി കിടക്കുന്ന ഡിഗ്രി സർട്ടി ഫിക്കറ്റുകൾ നൽകുക. ടി നടപടി സഭയിൽ റിപ്പോർട്ട് ചെയ്യുക.

(126/2019/പ.വി. - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2023.59**

വിഷയം: **ഭാഷാശാസ്ത്രസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം. സന്തോഷിനെതി രെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി മാറ്റിനിർത്തപ്പെട്ട കാലയളവിലെ അവധി ക്രമീകരിക്കുന്നത് സംബന്ധിച്ച നിർവാഹകസമിതി തീരുമാനത്തിൽ വ്യക്തത വരുത്തുന്നത് – സംബന്ധിച്ച്.**

തീരുമാനം: സർവകലാശാല സ്റ്റാന്റിങ് കോൺസലിന്റെ നിയമോപദേശം തേടുകയും അത് നിർവാഹകസമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്യുക.

(3427/2021/എഎ6 - ഭരണവിഭാഗം 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.60**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഡെപ്യൂട്ടേഷൻ വ്യവസ്ഥ യിൽ നിയമിതനായ ഡോ.പ്രജിത് ചന്ദ്രന് മലയാള സർവ്വകലാശാല രജി സ്ട്രാർ പദവിയിൽ ശമ്പള നിർണ്ണയം നടത്തുന്ന വിഷയം – സംബന്ധിച്ച്.**

തീരുമാനം: മാതൃസ്ഥാപനത്തിൽ നിന്നും നിലവിൽ ലഭിച്ചുകൊണ്ടിരുന്ന അടിസ്ഥാന ശമ്പളമായ 1,39,400 രൂപയോടു കൂടി അധികമായി 2 ഇൻക്രിമെന്റ് അനുവ ദിച്ച് രജിസ്ട്രാറുടെ ശമ്പളം നിർണയിക്കാൻ തീരുമാനിച്ചു. ഈ തീരുമാനം ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ സാധൂകരണത്തിന് വിധേയമാക്കുക.

(924/2021/എ1/അഡ്മിൻ – ഭരണവിഭാഗം 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.61**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല– MSc പരിസ്ഥിതിപഠനം വിദ്യാർത്ഥികളുടെ ലാബ് ഫീസ് 1000/–രൂപയായി നിജപ്പെടുത്തുന്നത് – സംബന്ധിച്ച്.**

തീരുമാനം: 2023 അദ്ധ്യയനവർഷം മുതൽ ലാബ്ഫീസ് 1000 രൂപയായി നിജപ്പെടുത്തുക

(94/എ6/2019/അഡ്മിൻ – ഭരണവിഭാഗം 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.62**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ വിവിധ തസ്തിക കളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന വിരമിച്ച ജീവന ക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്.**

തീരുമാനം: വിരമിച്ച ജീവനക്കാരുടെ വേതനവർദ്ധനവ് സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അതുമായി ബന്ധപ്പെട്ട് സമിതി കൈക്കൊള്ളുന്ന തീരു മാനം നിർവാഹകസമിതിയുടെ പരിഗണനക്കായി സമർപ്പിക്കുക.

(153/2021/എ.എ.6 - ഭരണവിഭാഗം 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.63**

വിഷയം: **ഇ.പി.എഫ്. സ്കീമിൽ ഉൾപ്പെട്ട ജീവനക്കാരുടെ ഇ.പി.എഫ്. എൻറോൾമെന്റ് സംബന്ധിച്ച്**

തീരുമാനം: ഇ.പി.എഫ് സംബന്ധമായ വിഷയത്തിൽ ഇ.പി.എഫ്. കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ട രേഖകൾ കാലവിളംബം കൂടാതെ സമർപ്പിക്കുക. ഡോ. ജെ. പ്രസാദ്, രജിസ്ട്രാർ എന്നിവർ ഇ.പി.എഫ്. കമ്മീഷണറുമായി നേരിട്ട് വിഷയം സംബന്ധിച്ച് ചർച്ച നടത്തി വിവരം സഭയിൽ റിപ്പോർട്ട് ചെയ്യുക.

(2102/ഇ.പി.എഫ്. /2021/ഫിൻ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.64**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ യുണീസ്പാർക്ക് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നത് – സംബന്ധിച്ച്**

തീരുമാനം: അംഗീകരിച്ചു. മലയാളസർവകലാശാലയിൽ യുണീസ്പാർക്ക് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അംഗങ്ങളെ ചുമതലപ്പെടുത്തി.

1. ഡോ. സുധീർ എസ്. സലാം – നോഡൽ ഓഫീസർ (അസിസ്റ്റന്റ് പ്രൊഫസർ, ചലച്ചിത്രപഠനം)
2. ശ്രീ ഗീവർ സൈമൺ – അസിസ്റ്റന്റ് നോഡൽ ഓഫീസർ (പ്രോഗ്രാമർ)

(338/UNISPARK/2023/ഫിൻ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.65**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ അക്ഷരം കാമ്പസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ഉപസമിതി റിപ്പോർട്ട് നിർവാഹകസമിതി മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അംഗീകരിച്ചു. തുടർനടപടി കൈക്കൊള്ളുക.

(3743/എ2/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.66**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ജീവനക്കാരെ നിയമിക്കേണ്ട ആവശ്യകതയുടെ ഭാഗമായി ജോലി ഭാരം സംബന്ധിച്ച്, പഠനം നടത്തിയ നിർവാഹകസമിതിയുടെ 60–ാമത് യോഗതീരുമാനത്തിലെ ഇനം നമ്പർ 2023.46 പ്രകാരമുള്ള സമിതി റിപ്പോർട്ട് പരിഗണിക്കുന്നത് – സംബന്ധിച്ച്.**

തീരുമാനം: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ജീവനക്കാരെ നിയമിക്കേണ്ട ആവശ്യകതയുടെ ഭാഗമായി ജോലി ഭാരം സംബന്ധിച്ച്, പഠനം നടത്തിയ നിർവാഹകസമിതിയുടെ 60–ാമത് യോഗതീരുമാനത്തിലെ ഇനം നമ്പർ

2023.46 പ്രകാരം രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചു.

നിർവാഹകസമിതിയുടെ 55-ാമത് യോഗത്തിലെ സമാനമായ വിഷയത്തിൽ 2022.58-ാമത് ഇനമായി കൈക്കൊണ്ടിട്ടുള്ള തീരുമാനവും, 42-ാമത് യോഗത്തിലെ 4/42 ഇനം തീരുമാനവും ഇതോടൊപ്പം പരിഗണനക്കു വിധേയമാക്കിയിട്ടുള്ളതാണ്.

(1989/2023/എ.എ.ഒ - ഭരണവിഭാഗം 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.67**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിച്ച് നിലവിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ നിയമിക്കണമെന്ന കരാർ ജീവനക്കാരുടെ നിവേദനത്തിൽ സർക്കാരിന് മറുപടി നൽകുന്നത് - സംബന്ധിച്ച്.**

തീരുമാനം: 2022.58 ഇനം ആയി ഇത് സംബന്ധിച്ച് കൈക്കൊണ്ട തീരുമാനം നടപ്പാക്കുക.

(2073/2021/എ.എ.ഒVol.II - ഭരണവിഭാഗം 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.68**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല അമ്പത്തിയൊമ്പതാമത് നിർവാഹകസമിതിയോഗത്തിന്റെ ഇനം നമ്പർ 2022.75 തീരുമാനം പ്രകാരം സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ റിപ്പോർട്ട് സംബന്ധിച്ച്**

തീരുമാനം: നിലവിൽ എസ്.ബി.ഐ.യുടെ തിരൂർ ബ്രാഞ്ചിലുള്ള സർവകലാശാലയുടെ കറന്റ് അക്കൗണ്ടിലുള്ള പണം സർവകലാശാലയുടെ തനത് ആവശ്യങ്ങൾക്ക് അവശ്യം വേണ്ട തുക നില നിർത്തി, ബാക്കിയുള്ള തുക തിരൂർ സബ്ട്രഷറിയിൽ ഒരു നിശ്ചിതകാലത്തേക്ക് സ്ഥിരനിക്ഷേപമായി മാറ്റുകയും ആയതിന്റെ പലിശ ട്രഷറിയിൽതന്നെയുള്ള എസ്.ബി. അക്കൗണ്ടിലേക്ക് പ്രതിമാസം ക്രെഡിറ്റ് ചെയ്യുകയും വേണം.

(303/2022/ബാങ്ക്SBI/ധനകാര്യം - ഫിനാൻസ് വിഭാഗം)

**<u>ചർച്ചയിൽ ഉടലെടുത്ത മറ്റ് വിഷയങ്ങൾ</u>**

ഇനം നമ്പർ: **2023.69**

വിഷയം: **വിവിധ കാര്യാലയങ്ങളിലെ പ്രവർത്തനങ്ങളുടെ ഭാഗമായി ജോലിഭാരനിർണയസമിതി നടത്തിയ വിലയിരുത്തൽ**

തീരുമാനം: വിലയിരുത്തപ്പെട്ട ജോലിഭാരം അനുസരിച്ച് ഫിനാൻസ് വിഭാഗത്തിൽ അധികമായി ജീവനക്കാരുടെ ആവശ്യം ഇല്ല എന്ന് കമ്മിറ്റി കൺവീനർ റിപ്പോർട്ട് ചെയ്തു. പരീക്ഷാവിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നും ആവശ്യമായ ഇടപെടൽ ഉണ്ടാകണമെന്നും കൺവീനർ റിപ്പോർട്ട് ചെയ്തു. അവിടുത്തെ ജോലിഭാരം പുനഃക്രമീകരിക്കണം. പ്രവർത്തനക്ഷമതയുള്ള കമ്പ്യൂ

ട്ടറുകളും മറ്റു ഉപകരണങ്ങളും പരീക്ഷാവിഭാഗത്തിൽ അടിയന്തിരമായി ലഭ്യമാക്കണം. ഭരണവിഭാഗത്തിലെ പ്രവൃത്തികൾ വളരെ മന്ദഗതിയിലാണ് നിർവഹിക്കപ്പെടുന്നത്. ഫിനാൻസ് വിഭാഗത്തിലെ പെയ്മെന്റ് നടപടികൾക്കു കാലതാമസം വരുന്നതായും യോഗം വിലയിരുത്തി. ഐ.ക്യു.എ.സി.യിൽ ജീവനക്കാരെ നിയമിക്കേണ്ടതും മറ്റും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ജീവനക്കാരുടെ പുനഃക്രമീകരണം നടത്തേണ്ടതാണ്. പെർമനന്റ് അഡ്വാൻസ് സംബന്ധിച്ച് നിലവിൽ സർവകലാശാല ഫിനാൻസ് വിഭാഗം തുടർന്നുവരുന്ന നടപടിക്രമങ്ങൾ കേരള ഫിനാൻസ് കോഡിന് അനുസൃതമല്ലെന്ന് യോഗം വിലയിരുത്തി. മേലിൽ പെർമനന്റ് അഡ്വാൻസ് സംബന്ധിച്ച നടപടിക്രമങ്ങൾ ഫിനാൻസ് കോഡിന് അനുസൃതമായി നടത്തേണ്ടതാണ്.

(ഭരണവിഭാഗം – 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.70**

വിഷയം: **വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: വിവരാവകാശനിയമത്തിൽ അനുശാസിക്കുന്ന വിവരങ്ങൾ നൽകുന്നതിലെ വിവരങ്ങൾ മറ്റുവിധേന ചോർന്നു പോകാൻ പാടില്ല. കൂടാതെ വിവരാവകാശ നിയമപ്രകാരം, ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് അതോറിറ്റി എന്നീ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നതു അറിയിക്കുന്ന പരസ്യബോർഡ് സർവകലാശാലാ കാമ്പസിൽ സ്ഥാപിക്കേണ്ടതാണ്.

(ഭരണവിഭാഗം – 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.71**

വിഷയം: **ഭാഷാ ഓഡിറ്റ്**

തീരുമാനം: മലയാളഭാഷാ ഉപയോഗം – ഭാഷാഓഡിറ്റിങ് നടത്തുന്നതിന് ഡോ. കെ.വി. ശശി (നിർവാഹകസമിതി അംഗം) ഡോ. കെ.എം. അനിൽ (പ്രൊഫസർ & ഡയറക്ടർ, എഴുത്തച്ഛൻ പഠനകേന്ദ്രം) എന്നിവരെ നിയോഗിച്ചു.

(ഭരണവിഭാഗം – എ സെക്ഷൻ)

ഇനം നമ്പർ: **2023.72**

വിഷയം: **ഗവേഷണചട്ടം പരിഷ്കരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എഴുത്തച്ഛൻ പഠനസ്കൂൾ ഡയറക്ടറായ ഡോ. കെ.എം. അനിലുമായി ബന്ധപ്പെട്ട് ഗവേഷണചട്ടങ്ങളുടെ പരിഷ്കരണ നടപടിയുടെ പുരോഗതി വിലയിരുത്തി ഗവേഷണച്ചട്ടങ്ങൾ പൂർത്തീകരിക്കുക.

(ഭരണവിഭാഗം – സി സെക്ഷൻ)

ഇനം നമ്പർ: **2023.73**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലക്കുവേണ്ടി യു.ജി.സി, റൂസ ഫണ്ടിങ്, വിവിധതരം പ്രോജക്ടുകളുടെ കൺസൾട്ടന്റ് ആർ.ബി.ഐ–പി.എഫ്.എം.എസ്. രജിസ്ട്രേഷൻ, എം.എച്ച്.ആർ.ഡി, നാക് അക്രഡിറ്റേഷൻ,**

**ഡി.എസ്.ടി, സി.എസ്.ഐ.ആർ, എ.ഐ.സി.ടി.ഇ. എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പ്രോജക്ടുകൾ സംഘടിപ്പിക്കൽ എന്നിവക്കായി നോഡൽ / ലെയ്സൺ ഓഫീസറായി പ്രവർത്തിക്കുന്നതിനായി താൽകാലിക നിയമനം പരിഗണിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: മഹാത്മാഗാന്ധി സർവകലാശാലയിലും ഇതരസ്ഥാപനങ്ങളിലും ഡെൽഹി കേന്ദ്രീകരിച്ചു പ്രവർത്തിച്ചുവരുന്ന ശ്രീമതി ജെയ്സിയുമായി രജിസ്ട്രാർ വിഷയം ചർച്ച ചെയ്തു. ലെയ്സൺ ഓഫീസറായി പ്രവർത്തിക്കുവാൻ അവർ സമ്മതം അറിയിച്ചിട്ടുണ്ട്. അവരുടെ നിയമനം തത്വത്തിൽ അംഗീകരിച്ചെങ്കിലും തത്സബന്ധമായ വേതനം നൽകൽ നിർവാഹകസമിതിയുടെ സബ്കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഭരണവിഭാഗം - എ സെക്ഷൻ)

ഇനം നമ്പർ: **2023.74**

വിഷയം: **സർവകലാശാല ധനകാര്യവിഭാഗത്തിലെ ധനവിനിയോഗ സ്ഥിതി അവലോകനം സംബന്ധിച്ച്**

തീരുമാനം: ഫിനാൻസ് വിഭാഗത്തിന്റെ ധനവിനിയോഗത്തിലെ കാര്യക്ഷമതാ പരിശോധനക്കും വിലയിരുത്തലിനുമായി ഒരു സ്ഥിരം സമിതി രൂപീകരിച്ച് എല്ലാ മാസത്തേയും ആദ്യ ആഴ്ചയിൽ സാമ്പത്തിക റിവ്യൂ നടത്തേണ്ടതാണ്.

ഡോ. ജെ. പ്രസാദ് (കൺവീനർ), ഡോ. കെ.വി. ശശി, രജിസ്ട്രാർ എന്നിവരടങ്ങുന്നതായിരിക്കും സമിതി.

(ഭരണവിഭാഗം - 'എ' സെക്ഷൻ)

ഇനം നമ്പർ: **2023.75**

വിഷയം: **കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് സ്ഥാനം ഒഴിയണമെന്ന ബഹു. ചാൻസലറുടെ ഉത്തരവിനെതിരെ ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് അഡ്വക്കറ്റ് ജനറൽ നിയോഗിച്ച അഡ്വ. രഘുരാജനു നൽകിയ വക്കീൽ ഫീസ് സംബന്ധിച്ച്.**

തീരുമാനം: ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് എഴുതിയ കത്തിന്റെ പകർപ്പ് തുടർനടപടികൾക്കായി ധനകാര്യ സ്പെഷ്യൽ സെക്രട്ടറിയും നിർവാഹക സമിതി അംഗവുമായ ശ്രീമതി ടി. നിതാകുമാരിക്ക് അയച്ചു നൽകേണ്ടതാണ്.

(വി.സി. കാര്യാലയം)

ഇനം നമ്പർ: **2023.76**

വിഷയം: **അധ്യാപകർ കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച്**

തീരുമാനം: ഓരോ സെമസ്റ്ററിന്റെയും അവസാനത്തിൽ വിദ്യാർത്ഥികൾ അധ്യാപകരെ വിലയിരുത്തുന്ന സമ്പ്രദായം നടപ്പാക്കേണ്ടതാണ്. ഇതിനാവശ്യമായ ഫോറം തയ്യാറാക്കി, ബന്ധപ്പെട്ട മേലധികാരികളുടെ അംഗീകാരത്തോടെ അതു സ്കൂൾ ഡയറക്ടർമാർ വിദ്യാർത്ഥികൾക്കു നൽകണം. വിദ്യാർത്ഥികൾ ഫോറം പൂരിപ്പിച്ച് സ്കൂൾ ഡയറക്ടർമാർക്ക് നൽകണം. അതിന്റെ രഹസ്യ സ്വഭാവം സ്കൂൾ ഡയറക്ടർമാർ തന്നെ സൂക്ഷിക്കേണ്ടതാണ്.

(ഭരണകാര്യാലയം - എ സെക്ഷൻ)

ഇനം നമ്പർ: **2023.77**

വിഷയം: **പഞ്ചിങ് മെഷീൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അധ്യാപകർ സ്വയം വിലയിരുത്തുന്നതിന്റെ ഭാഗമായി വർക്ക് ഡയറി സൂക്ഷിക്കണം. ഇതിനുള്ള വർക്ക് ഡയറി സർവകലാശാല ലഭ്യമാക്കണം.

അദ്ധ്യാപകരും ജീവനക്കാരും യഥാസമയം ഡ്യൂട്ടിക്ക് ഹാജരാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കുലർ പുറപ്പെടുവിക്കണം. കൃത്യമായ അറ്റൻഡൻസ് പാലിക്കുന്നതിന് അടിയന്തിരമായി പഞ്ചിങ് മെഷീൻ സ്ഥാപിക്കണം.

(ഭരണകാര്യാലയം - എ സെക്ഷൻ)

ഇനം നമ്പർ: **2023.78**

വിഷയം: **പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കണം. എല്ലാ മാസാവസാനവും രജിസ്ട്രാർ പേഴ്സണൽ രജിസ്റ്റർ പരിശോധിച്ച് ഒപ്പുവെക്കണം.

(ഭരണകാര്യാലയം - എ സെക്ഷൻ)

യോഗം വൈകുന്നേരം 5.40 ന് അവസാനിച്ചു.



രജിസ്ട്രാർ